ആലപ്പുഴ	-	1
കോട്ടയം	-	1
എറണാകുളം	-	1
പാലക്കാട്	-	1
കണ്ണൂർ	-	1
കാസർഗോഡ്	-	1
ആകെ	-	10

(ബി) ഈ ലാത്തിച്ചാർജ്ജുകളോടനുബന്ധിച്ച് ഒട്ടാകെ നൂറ്റിപതിനൊന്ന് പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

ആർ.എസ്.എസ്-സി.പി.ഐ.(എം) സംഘട്ടനം

(1556) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിന് സമൺസ് അയച്ച 2000 ഫെബ്രുവരി 4-ാം തീയതിയ്ക്കു ശേഷം എവിടെയെല്ലാം ആർ.എസ്.എസ്-സി.പി.ഐ(എം) സംഘട്ടനം ഉണ്ടായിട്ടുണ്ട്.

(ബി) ഈ സംഘട്ടനങ്ങളിൽ എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കുപറ്റി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഒന്നും തൃശൂർ ജില്ലയിൽ മൂന്നും കോഴിക്കോട് ജില്ലയിൽ അഞ്ചും കണ്ണൂർ ജില്ലയിൽ എട്ടും കാസർഗോഡ് ജില്ലയിൽ ഒന്നും സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഈ സംഭവങ്ങളിൽ രണ്ടുപേർ മരിക്കുകയും 41 പേർക്ക് പരിക്കു പറ്റുകയും ചെയ്തിട്ടുണ്ട്.

കയർ സഹകരണ സംഘം ഷെഡ് പൊളിച്ച സംഭവം

(1557) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് കണ്ടല്ലൂർ-ആറാട്ടുപുഴ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന കൊച്ചിയുടെ ജെട്ടിയിലെ കയർ സഹകരണ സംഘത്തിന്റെ ഷെഡ് പോലീസ് സംരക്ഷണയിൽ ചെങ്ങന്നൂർ ആർ.ഡി.ഒ.യും കാർത്തികപ്പള്ളി തഹസീൽദാരും കണ്ടല്ലൂർ വില്ലേജാഫീസറും ചേർന്ന് പൊളിച്ച് നശിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പൊളിച്ചു കളയാൻ കോടതി വിധി ഉണ്ടായിരുന്നോ;

(സി) ഇപ്രകാരം പൊളിച്ചു കളയാൻ റവന്യൂ മന്ത്രിയുടെ ഉത്തരവ് പോലീസിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഷെഡ് പൊളിച്ചു കളയരുതെന്ന് റവന്യൂ മന്ത്രിയുടെ ഓഫീസിൽ നിന്നും ആലപ്പുഴ എ.ഡി.എം.-ന് നിർദ്ദേശം നൽകിയിരുന്നോ;

(ഇ) ഷെഡ് പൊളിക്കുന്നത് റവന്യൂ മന്ത്രി സ്റ്റേ ചെയ്തിരിക്കുന്നു എന്നറിഞ്ഞതിനു ശേഷം സ്റ്റേ ഉത്തരവ് കൈയിൽ കിട്ടുന്നതിന് തൊട്ടു മുൻപ്

LIBRARY ARCHIVES Kerala Legislative Assembly

ആർ.ഡി.ഒ-യും പോലീസും ചേർന്ന് സംഘത്തിന്റെ ഷെഡ് പൊളിച്ചു മാറ്റിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോലീസ് സഹായത്തോടെ ആർ.ഡി.ഒ ഷെഡ് പൊളിച്ച സ്ഥാനത്ത് റവന്യൂ മന്ത്രിയുടെ സ്റ്റേയുടെ അടിസ്ഥാനത്തിൽ സംഘം വീണ്ടും ,ഷെഡ് കെട്ടി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംഘം ഭരിക്കുന്നത് സി.ഐ.റ്റി.യു.വിന് ഭൂരിപക്ഷമുള്ള ഭരണ സമിതിയാണ് എന്ന കാരണത്താൽ രാഷ്ട്രീയ വിരോധം തീർക്കാൻ സ്ഥലത്തെ കോൺഗ്രസ് (ഐ) പഞ്ചായത്ത് മെമ്പർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ആർ.ഡി.ഒ.യും പോലീസും ചേർന്ന് ഷെഡ് പൊളിച്ചു മാറ്റിയത് എന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുമോ;

(എച്ച്) നിയമവിരുദ്ധമായി സംഘത്തിന്റെ ഷെഡ് പൊളിച്ചുമാറ്റിയ പോലീസിന്റേയും ആർ.ഡി.ഒ.യുടേയും പേരിൽ നടപടി സ്വീകരിക്കുമോ;

(ഐ) സംഘത്തിനുണ്ടായ നഷ്ടം ആർ.ഡി.ഒ.യുടേയും പോലീസിന്റേയും പക്കൽ നിന്ന് ഈടാക്കി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഐ) കയർ സഹകരണ സംഘത്തിന്റെ ,ഷെഡ് പൊളിച്ചുമാറ്റിയ സംഭവത്തെക്കുറിച്ച് സർക്കാരിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടന്നു വരികയാണ്.

സംസ്ഥാനത്ത് നടന്ന മോഷണ കേസ്സുകൾ

(1564) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

ഉത്തരം

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 29171 മോഷണങ്ങൾ നടന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	-	3252
കൊല്ലം	-	1876
പത്തനംതിട്ട	-	1165
ആലപ്പുഴ	-	1652
കോട്ടയം	-	2158
ഇടുക്കി	-	1336
എറണാകുളം	-	3946
തൃശ്ശൂർ	-	2719
പാലക്കാട്	-	3058
മലപ്പുറം	-	1970
കോഴിക്കോട്	-	2811

LIBRARY ARCHIVES Kerala Legislative Assembly